LIBRARY ARCHIVES Kerala Legislative Assembly

അവശ്യ മരുന്നുകളുടെ വില നിയന്ത്രണം

128 (835) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശ്യ മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) വില നിയന്ത്രണം ഏർപ്പെടുത്തിയ മരുന്നുകളുടെ പട്ടികയും ഇവ ഏതെല്ലാം രോഗങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് 2013-ലെ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ പ്രകാരമാണ്. ഇതുസംബന്ധിച്ച നോട്ടിഫിക്കേഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നത് ന്യൂഡൽഹിയിലെ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി ആണ്. നാഷണൽ ലിസ്റ്റ് ഓഫ് എസെൻഷ്യൽ മെഡിസിനിൽപ്പെട്ട 348 ഔഷധങ്ങളുടെ വില നിയന്ത്രിച്ചുകൊണ്ട് കാലാകാലങ്ങളിൽ നോട്ടിഫിക്കേഷനുകൾ ഇറക്കാറുണ്ട്. നോട്ടിഫിക്കേഷന് വിരുദ്ധമായി അമിത വില ഈടാക്കുന്ന മരുന്നുകളുടെ വിൽപ്പന, ഡ്രഗ്സ് ഇൻസ്പെക്ടർമാർ തടഞ്ഞുവരുന്നു.

(ബി) വിശദവിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.*

മരുന്ന് പരിശോധന

129 (836) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മരുന്നുകൾ വിപണിയിൽ ഇറക്കുന്നതിനു മുമ്പുള്ള ക്ലിനിക്കൽ പരിശോധന ഗുരുതരമായ പാർശ്വഫലങ്ങളും മരണവും സൃഷ്ടിക്കുന്നതായി പരാതി ഉയർന്ന സാഹചര്യത്തിൽ ഇതിനെ നിയന്ത്രിക്കാനായി വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, വിദഗ്ദ്ധസമിതി സർക്കാരിന് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എന്താണെന്നു വ്യക്തമാക്കാമോ;

(സി) മരുന്നു കമ്പനികളുടെ പരീക്ഷണം മുടക്കമില്ലാതെ തുടരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്ത് ക്ലിനിക്കൽ ട്രയൽ സംബന്ധിച്ച് പഠിക്കുന്നതിനായി ഡോ. വി. എൻ. രാജശേഖരൻ പിള്ള എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് & എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി, സയൻസ് ആന്റ് ടെക്നോളജി ചെയർമാനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) സമിതി സർക്കാരിന് സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു :

1. All Centres which carry out Clinical Trial must be registered.
2. All Centres should have an inpatient facility to treat the patients in case of emergency and adverse events.
3. The State should set up a Clinical Registry with details of study title, hospitals and clinicians involved, adverse events reported etc. so that all trials can be kept track of.
4. To introduce proper mechanism to give compensation to patients who suffer any adverse events.
5. Government should educate the public about the importance of clinical trials in advancing knowledge and about the patient's right in such cases and also the centres and investigators on the need for transparency and fairness in conduct of the trials.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കേന്ദ്ര സർക്കാരിന്റെ മരുന്ന് വില നിയന്ത്രണം നീക്കം ചെയ്ത നടപടി

130 (837) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ മരുന്ന് വില നിയന്ത്രണം നീക്കം ചെയ്ത നടപടി കുത്തക മരുന്ന് കമ്പനികൾ രോഗികളെ കൊള്ളയടിക്കുന്നതിന് വഴിയൊരുക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly